# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3472

14.10.2011-ൽ മറുപടിക്ക്.

## ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിലേക്ക് കേന്ദ്ര നിക്ഷേപം ആകർഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പാലക്കാട്ടെ കഞ്ചിക്കോട്ട് സ്ഥാപിച്ച 'ബെമൽ'ന്റെ (ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്) ആദ്യ ഘട്ട പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BEML-ന് (Bharat Earth Movers Limited) കിൻഫ്ര 374.75 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 140 കോടി രൂപ മുതൽ മുടക്കി 2,20,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു വ്യവസായ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇവിടെ Tadra vehicle അസ്സംബിൾ ചെയ്യുക, റെയിൽ കോച്ച് നിർമ്മിക്കുക തുടങ്ങിയവ സംബന്ധിച്ചുള്ള വ്യവസായമാണ് പ്രവർത്തിപ്പിച്ചു വരുന്നത്. ഇവിടെ ഏകദേശം 350 ഓളം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനം എന്തെല്ലാം സഹായങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് ; അവ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ ? | (സി) ഇതിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി 600 ഏക്കർ ഭൂമി കിൻഫ്ര BEML-ന് കൈമാറേണ്ടതുണ്ട്. ഇതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കുകയും 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചു വരികയാണ്. കിൻഫ്ര പാർക്കിലുള്ള BEML യൂണിറ്റിലേക്കുള്ള റയിൽ കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് ഒരു |

ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിലേക്കായി RITES എന്ന സ്ഥാപനത്തെ കൺസൾട്ടന്റാ യി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പ്രി ഫീസിബിലിറ്റി സ്റ്റഡി നടത്തുകയും അതിന് സർക്കാർ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി 2011 ഡിസംബർ അവസാനത്തോടെ പൂർത്തീകരി-ക്കാൻ കഴിയുമെന്ന് കിൻഫ്ര പ്രതീക്ഷിക്കുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ--ക്കായി 2011-2012 സാമ്പത്തിക വർഷം 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മെട്രോ ഉൾപ്പെടെ വിവധ തരം കോച്ചുകളുടെ നിർമ്മാണം, PMS ബ്രിഡ്ജിന്റെ നിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**